
# ശബ്ദിക്കുന്ന മരുഭൂമിയുടെ ചിത്രവുമായി പ്ലാച്ചിമട നാടകം

രേഖ



2009 ഏപ്രിൽ 22ന് 8ാം വർഷത്തിലേക്ക് പ്രവേശിച്ച പ്ലാച്ചിമട സമരത്തിന്റെ നാൾവഴികളിൽ സമരത്തിൽ സജീവ പങ്കാളികളായിരുന്ന പ്ലാച്ചിമടക്കാർ നേരിട്ട എല്ലാ അനുഭവങ്ങളെയും പ്ലാച്ചിമട കുട്ടികളെ കേന്ദ്ര കഥാപാത്രങ്ങളാക്കിക്കൊണ്ട് അവതരിപ്പിക്കാനുള്ള ഒരു ശ്രമമാണ് നാടകം നടത്തുന്നത്. ആഗോള തലത്തിൽ രാഷ്ട്രീയ ശ്രദ്ധ നേടിയിട്ടും എല്ലാ രാഷ്ട്രീയ പാർട്ടികളും ഐക്യ ദാർഢ്യവുമായെത്തിയെങ്കിലും ഏഴ് വർഷങ്ങൾ കഴിഞ്ഞിട്ടും പ്ലാച്ചിമടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കൊക്കകോള കമ്പിനി അവിടെയുണ്ടാക്കിയ ഭൗതിക-സാമൂഹിക നഷ്ടങ്ങൾ നികത്താനും മാറി വന്ന ഭരണകൂടങ്ങൾക്ക് കഴിയാതെ പോയതിനെ നാടകം രൂക്ഷമായി വിമർശിക്കന്നു. കൊക്കക്കോള കമ്പിനി മൂലമുണ്ടായ ജലചൂഷണവും ജലമലിനീകരണവുമെല്ലാം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടുകഴിഞ്ഞെങ്കിലും നടപടികളെടുക്കാൻ കഴിയാത്ത വിധത്തിൽ കോർപറേറ്റ് വിധേയത്വം പുലർത്തേണ്ടി വരുന്ന സർക്കാർ സ്ഥാപനങ്ങളുടെ നട്ടെല്ലില്ലായിമയും നാടകത്തിൽ വിമർശന വിധേയമാകുന്നുണ്ട്. മൂന്നാംലോക രാജ്യങ്ങളെ കൊക്കകോള പോലെയുള്ള കോർപറേറ്റുകൾക്ക് അനുകൂലമായ തരത്തിൽ സാമ്രാജ്യത്വശക്തികൾ എങ്ങിനെ പരുവപ്പെടുത്തുന്നു എന്ന് ചർച്ച ചെയ്യാൻ ശ്രമിക്കുന്ന നാടകം മൂന്നാംലോക രാജ്യങ്ങളിലുണ്ടാകുന്ന ക്രിയാത്മക പ്രതികരണങ്ങളെ എങ്ങിനെ വൻകിട രാജ്യങ്ങൾ നിശബ്ദമാക്കുന്നു എന്നതിന്റെ സൂചനകളും പ്രേക്ഷകർക്ക് നൽകുന്നു. പ്ലാച്ചിമടയെ ആഗോള തലത്തിൽ എത്തിക്കാൻ ശ്രമിച്ച് സാമൂഹിക പ്രതിബദ്ധതയ്ക്ക് വിപണന സാധ്യത കണ്ടെത്തി പിന്നീട് പ്ലാച്ചിമടക്കാരെ നിഷ്കരുണം വലിച്ചെറിയുന്നവരെ നാടകം രൂക്ഷമായി വിമർശക്കുന്നു. സാമൂഹികതളിൽ നിന്നെല്ലാം അകന്ന് തന്റേതുമാത്രമായ ഇടങ്ങളിൽ അഭിരമിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്ന അനുദിനം കൂടി വരുന്ന കേരളത്തിന്റെ മധ്യവർഗ്ഗ മനസ്ഥിതി ചുറ്റുമുണ്ടാകുന്ന പ്ലാച്ചിമടകളെ തിരിച്ചറിഞ്ഞിട്ടും തികഞ്ഞ നിസംഗതയോടെ അവഗണിക്കുന്നതിന്റെ പ്രശ്നങ്ങളും നാടകം ചർച്ച ചെയ്യുന്നു.

ഒരു കോർപറേറ്റ് കമ്പിനി വന്നതുമൂലം ജലദൗർലഭ്യവും ജലമലിനീകരണവും അനുഭവിക്കുന്ന കല്ലുമട എന്ന ഗ്രമത്തിലേക്ക് കടന്നുവരുന്ന ഫോട്ടോഗ്രഫറാണ് നാടകത്തിലെ പ്രധാന കഥാപാത്രം. കല്ലുമട ഗ്രമത്തിലെ ജലപ്രശ്നം ആഗോള ശ്രദ്ധയിലെത്തിച്ച് പ്രശസ്തനാവുകയാണ് അയാളുടെ ലക്ഷ്യം. കല്ലുമടയിലെ കുട്ടികൾ അയാൾക്ക് ഗ്രാമത്തിന്റെ ജലപ്രശ്നവും വിഷലിപ്തമായ കിണറുമെല്ലാം പരിചയപ്പെടുത്തിക്കൊടുക്കുന്നു. കല്ലുമട ഗ്രാമം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം വളരെ ക്രിയാത്മകമായ വിശദീകരണങ്ങൾ നൽകുന്ന നമശിവാൻ എന്ന കുട്ടിയെ കാണുക എന്ന ഉദ്ദേശം കൂടി ഫോട്ടോഗ്രാഫറുടെ വരവിനുണ്ട്. മുതിർന്നവരെപ്പോലെ സംസാരിക്കുന്ന ഏറെ പ്രത്യകതകൾ ഉള്ള നമശിവായന്റെ കഥകൾ അന്യനാടുകളിലൊക്കെ അതിനകം പ്രശസ്തിയാർജ്ജിച്ചിരുന്നു. കോർപറേറ്റ് കമ്പിനി മലിനപ്പെടുത്തിയ കിണറ്റൽ വിഷജലത്തെ അതിജീവിച്ച് കഴിയുന്ന വരാലാണ് അവന്റെ അടുത്ത സുഹൃത്ത്. ഇതെല്ലാം കൊണ്ടു തന്നെ അവന് കിറുക്കാണെന്നാണ് വീട്ടുകാരും നാട്ടുകാരുമെല്ലാം പറയുന്നത്. കല്ലുമട കുട്ടികളുടെ സ്വപ്നത്തിൽ കടന്നു വരുന്ന അന്യനാട്ടുകാരനായ പ്രസിഡന്റാണ് മറ്റൊരു പ്രധാന കഥാപാത്രം. നമശിവായത്തിന്റെ ചിന്താശേഷി തിരിച്ചറിഞ്ഞ് അവനെ തട്ടിക്കൊണ്ടു പോകാനായാണ് പ്രസിഡന്റ് സ്വപ്നത്തിലെത്തിയത്. കല്ലുമടയിലെ കോർപ്പറേറ്റ്

കമ്പിനിയെ ന്യായീകരിച്ച് സംസാരിക്കുന്ന പ്രസിഡന്റ് തന്റെ നാട്ടുകാരുടെ പദ്ധതിയനുസരിച്ച് കല്ലുമടയിൽ നടക്കുന്ന ചൂഷണങ്ങളോട് ധൈര്യമുണ്ടെങ്കിൽ പ്രതികരിക്കാൻ കുട്ടികളെ സ്വപ്നത്തിൽ വെല്ലുവിളിക്കുന്നു.


കല്ലുമടയ്ക്കടുത്തുള്ള പുല്ലുമട ഗ്രാമക്കാരനാണ് മറ്റൊരു കഥാപാത്രം. കല്ലുമടക്കാർ അനുഭവിക്കുന്ന പ്രശ്നം അറിഞ്ഞിട്ടും തനിക്ക് നേരിട്ട് അനുഭവപ്പെടാത്തതിനാൽ പ്രതികരിക്കാത്ത പുല്ലുമടക്കാരൻ മകളുടെ കല്യാണത്തിന് വേണ്ടി വീട് പുതുക്കിപ്പണിയുന്ന തിരക്കിലാണ്. അതിനിടയിൽ കല്ലുമടക്കാരുടെ ദാഹിക്കുന്നേ എന്ന നിലവിളി ഒരു വിഘ്നമായി അനുഭവപ്പെടുമോ എന്ന ആശങ്ക അയാൾക്കുണ്ട്. കല്ലുമടയിലെ അമ്മമാരെയും കുട്ടികളെയുമെല്ലാമിരുത്തി അവർ അനുഭവിച്ച ദുരന്തത്തിന്റെ ഫോട്ടോയെടുക്കാൻ ഫോട്ടോഗ്രാഫർ ശ്രമിക്കുന്നു. പക്ഷെ ആ ഫോട്ടോ ക്യമറയിൽ പതിയുന്നില്ല.

കോട്ടയം സ്വദേശി കെ.ആർ രമശാണ് നാടകത്തിന്റെ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത്. പ്ലാച്ചിമട നിവാസികളായ വിജു, വിദ്യ, പ്രകാശ്, സൂര്യകുമാർ, വിനീത, സെന്തിൽ കുമാർ, അരുൾ കുമാർ തുടങ്ങിയവരും പ്ലാച്ചിമടയ്ക്കടുത്തുള്ള പെരുമാട്ടി പഞ്ചായത്ത് ഹൈസ്കൂളിലെ വിദ്യാർത്ഥികളായ പ്രിൻസിൽ, സതീഷ്, വിനു, അരുൺ തുടങ്ങിയവരും പിന്നെ പ്ലാച്ചിമട സമര നായികമാരായ കന്നിയമ്മ, മയില, പളനാത്ത എന്നിവരും നാടകത്തിൽ കഥാപാത്രങ്ങളായെത്തി. എം.ജി. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളായ സുചിത്ത്, എൽദോ, ഷിനോയ് എന്നിവരും ഇവരോടൊപ്പം അഭിനയ പങ്കാളികളായി. മെയ് 27-ന് കോഴിക്കോട് സുരാസു നാടകോത്സവത്തിൽ നാടകം അവതരിപ്പിക്കപ്പെടും.

*പി.ബി. - 100, തൃശൂർ - 1*

---

• **പുസ്തകപരിചയം**




**വിവരാവകാശ നിയമം**
രാജൻ കളം
ജനനന്മ, കോട്ടയ്ക്കൽ
വില : 20 രൂപ. പേജ് : 48
ബന്ധങ്ങൾക്ക് : 9446769476

പൗരന്റെ അടിസ്ഥാന അവകാശങ്ങളിൽ ഒന്നായ 'അറിയാനുള്ള അവകാശ'ത്തിന്റെ ഭാഗമായി നടപ്പിലാക്കിയ നിയമമാണ് വിവരാവകാശ നിയമം. സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ നമുക്ക് സ്വയം പരിഹരിക്കേണ്ടതുണ്ടെങ്കിൽ അതിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗം കൂടിയാണ് വിവരാവകാശം. അനീതിയും അഴിമതിയും നിറഞ്ഞ നമ്മുടെ സാഹചര്യത്തിൽ പൗരന് സർക്കാരുമായി ബന്ധപ്പെട്ട അറിവുകൾ കിട്ടാനും, അതിലൂടെ തന്റെ പ്രശ്നങ്ങൾ ലഘൂകരിക്കാനും കഴിയുന്ന നിയമമാണ് ഇത്. ഈ നിയമം വളരെ ലളിതമായി വിശദീകരിക്കുന്ന ഒരു കൈപ്പുസ്തകമാണിത്. വിവരാവകാശ നിയമത്തിലൂടെ സാധാണക്കാരന് റേഷൻ, ഗ്യാസ്, വെള്ളം, കറണ്ട്, ആശുപത്രി, പോലീസ് സ്റ്റേഷൻ, യൂണിവേഴ്സിറ്റി തുടങ്ങി സെക്രട്ടേറിയറ്റ് വരെ നീണ്ടുകിടക്കുന്ന നൂറുകണക്കിന് സ്ഥാപനങ്ങളിൽ കയറിച്ചെന്ന് തനിക്കാവശ്യമുള്ള വിവരങ്ങൾ കൈവശപ്പെടുത്താൻ ഈ പുസ്തകം നമുക്ക് പറഞ്ഞുതരുന്നു.

വിവരാവകാശനിയമം എന്തിന്, എങ്ങനെ ഉപയോഗപ്പെടുത്താം, നിയമങ്ങളുടെ പ്രസക്തഭാഗങ്ങൾ, അപേക്ഷ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നൽകാവുന്ന അപേക്ഷകളുടെ മാതൃകകൾ എന്നിവയാണ് പുസ്തകത്തിലുള്ളത്. നിലനിൽക്കുന്ന സംവിധാനത്തിലെ അഴിമതിക്കും അനീതിക്കുമെതിരെ ഒരു ചെറുവിരലെങ്കിലുമനക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പുസ്തകം ഒരു മുതൽക്കൂട്ടാകും.


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/ മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale**
60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385